LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള നിബന്ധനകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ വിവരം ചുവടെ ചേർക്കുന്നു :

അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാകളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ 13 ജില്ലകളിൽ 50,000 രൂപ വീതവും വയനാട് ജില്ലയിൽ 25,000 രൂപയും നിക്ഷേപിച്ച് കണ്ടിജൻസി ഫണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ) നമ്പർ. 111/2009/പജപവവിവ, തീയതി 31-12-2009 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

25-9-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1028/2009/പജപവവിവ തീയതി പ്രകാരം അതിക്രമങ്ങൾ തടയൽ പ്രകാരമുള്ള കേസ്സുകൾ നടത്തുന്ന വേളയിൽ കോടതിയിൽ ഹാജരാകുന്ന, അത്രിക്രമങ്ങൾക്ക് വിധേയരാകുന്ന വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും സാക്ഷികൾക്കും പരിചാരകർക്കും യാത്രാബത്ത അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ആക്രമണത്തിന് വിധേയരായവർക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും, സാക്ഷികൾക്കും, പരിചാരകർക്കും, വിചാരണ ദിവസങ്ങളിൽ 160 രൂപാ നിരക്കിൽ ഉപജീവന ചെലവിനായി മേൽ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്.

അതിക്രമങ്ങൾക്ക് വിധേയരാകുന്ന വ്യക്തികൾക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും, പരിചാരകർക്കും വിചാരണ ദിവസങ്ങളിൽ 100 രൂപ ആഹാരച്ചെലവും മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്.

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം ആവശ്യമായ കേസ്സുകളിൽ ഡി.എൻ.എ.-ടെസ്റ്റ് നിർബന്ധമായി നടത്തുന്നതിന് നിർദ്ദേശം നൽകി (സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1418/2008/പജ.പവ.വിവ. തീയതി 3-12-2008 പ്രകാരം) സർക്കാർ ഉത്തരവായിട്ടുണ്ട്.

(എഫ്) അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ കൽപ്പറ്റയിലുമായി രണ്ട് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

ട്രൈബൽ മിഷന്റെ പ്രവർത്തനം

23 (*593) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) വകയിരുത്തിയ തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചത് ;

(സി) നടപ്പു സാമ്പത്തിക വർഷം ട്രൈബൽ മിഷൻ വഴിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ)

2008-09 15.12 കോടി രൂപ

2009-10 25.75 കോടി രൂപ

(ബി)

2008-09 59%

2009-10 35.53%

(സി) നടപ്പുസാമ്പത്തിക വർഷം ട്രൈബൽ മിഷൻ വഴിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു :

(എ) ഭൂമി വിതരണം

(1) കണ്ണൂർ ജില്ലയിലെ ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ് എന്നിവിടങ്ങളിൽ ബാക്കിയുള്ള ഭൂമി, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്കി, മുതലമട എന്നിവിടങ്ങളിലെ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി, എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ, മഞ്ഞള്ളൂർ വില്ലേജുകളിലെ ഭൂമി, കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ ബാക്കിയുള്ള ഭൂമി എന്നിവ ഈ വർഷംതന്നെ വിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(2) ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിലാണ്.

(3) വിതരണം ചെയ്ത ഭൂമിയിൽ താമസയോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവയും സുസ്ഥിര വരുമാനത്തിനുതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഭവനനിർമ്മാണം

(1) കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയുള്ള 400 വീടുകളുടേയും, ഗുണഭോക്താക്കൾ നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്ന 90 വീടുകളുടേയും, സന്നദ്ധ സംഘടനകൾ മുഖേനയുള്ള 5 വീടുകളുടേയും പണി നടന്നുവരുന്നു. ഇതിൽ 317 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(2) വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി കോളനികളിലായി 774 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(3) ഇടുക്കി ജില്ലയിലെ മറയൂർ, പന്തടിക്കളം, 80 ഏക്കർ സൂര്യനെല്ലി, വിലക്ക് കോളനികളിലെ ഭവനനിർമ്മാണം ഗുണഭോക്താക്കൾ മുഖേന പൂർത്തിയാക്കിവരുന്നു.

(4) കൊല്ലം ജില്ലയിലെ കുരിയോട്ടുമല കോളനിയിലെ ഭവന നിർമ്മാണം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയും ഗുണഭോക്താക്കൾ മുഖേനയും പൂർത്തിയാക്കിവരുന്നു.

(സി) മറ്റ് വികസന പദ്ധതികൾ

(1) 01.44 കോടി രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാല മുഖേന ആറളത്ത് ഒരു മൃഗപരിപാലന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ട 232 ആദിവാസി കുടുംബങ്ങൾക്ക് പശു യൂണിറ്റും 247 കുടുംബങ്ങൾക്ക് ആട് യൂണിറ്റും അനുവദിക്കുന്ന പദ്ധതിയാണിത്.

(2) ഇടുക്കി ജില്ലയിലെ പന്തടിക്കളം പുനരധിവാസ മേഖലയിൽ 9.5 ലക്ഷം രൂപ ചെലവിൽ കോളനിക്ക് ചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പണി പുരോഗമിച്ചുവരികയാണ്.

(3) പന്തടിക്കളം 80 ഏക്കർ പുനരധിവാസ കോളനികളിൽ കാർഷിക വികസന പദ്ധതികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ

24 (*594) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾക്ക് എത്രമാത്രം സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നെൽകൃഷി വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കൂടുതൽ സഹായം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly